88/DGE/HSE/NSS/2020

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
ഹയർ സെക്കണ്ടറി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം

28/09/2020

# ഗാന്ധിജയന്തി 2020

സൂചന: റീജിയണൽ ഡയറക്ടറുടെ കത്ത് നം. 1-1/എൻഎസ്എസ്/
കെഇആർ/2020-21/73 ടു 95 തീയതി 11/09/2020

രാഷ്ട്ര പിതാവായ മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികം ആഘോഷിച്ചു വരികയാണല്ലോ. 2020 ഒക്ടോബർ രണ്ടാം തീയതി രാഷ്ട്രപിതാവിന്റെ 150-ാം ജന്മവാർഷികാഘോഷങ്ങൾക്ക് പരിസമാപ്തിയാവുകയാണ്.

ഭാരത സർക്കാരിന്റെ സാംസ്ക്കാരിക വകുപ്പും യുവജന കായിക മന്ത്രാലയും ഒക്ടോബർ രണ്ടുമായി ബന്ധപ്പെട്ട് അർത്ഥപൂർണ്ണമായ പരിപാടികൾ ആവിഷ്കരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

റീജിയണൽ ഡയറക്ടറേറ്റിന്റെ സൂചന കത്തനുസരിച്ച് താഴെ പറയുന്ന പരിപാടികൾ യൂണിറ്റടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്നതാണ്.

1. ഗാന്ധിയൻ മൂല്യങ്ങളെക്കുറിച്ച് വോളണ്ടിയർമാരുടെ വിർച്വൽ പരിപാടികൾ
2. ജില്ലാ/ക്ലസ്റ്റർ /യൂണിറ്റ് തലങ്ങളിൽ സംഘടിപ്പിക്കുന്ന സാഹിത്യ മത്സരങ്ങൾ
3. ഗാന്ധിയൻ ചിന്തകളുടെ കാലിക പ്രസക്തി എന്ന വിഷയത്തിൽ വെബിനാറുകൾ
4. ഗാന്ധിയൻ ആശയങ്ങളെക്കുറിച്ചുള്ള ഹ്രസ്വചിത്രങ്ങൾ
5. ഗാന്ധിയൻ ചിന്തകളെ അധികരിച്ച് പോസ്റ്റർ നിർമ്മാണ പ്രവർത്തനങ്ങൾ
6. സ്വാതന്ത്ര്യ സമരം ഗാന്ധിജിയുടെ ജീവിതം, ചിന്തകൾ എന്നിവയെ സംബന്ധിക്കുന്ന ക്വിസ് മത്സരങ്ങൾ
7. ദത്തുഗ്രാമങ്ങൾ ,വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ശ്രമദാന പ്രവർത്തനങ്ങൾ

യൂണിറ്റുതലം മുതൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്ക് സാമൂഹ്യ മാധ്യമങ്ങളിലൂടെ വിപുലമായ പ്രചാരണം നൽകേണ്ടതാണ്. ആക്ഷൻ ഫോട്ടോകളും വീഡിയോകളും, പത്രവാർത്തകളും ഒക്ടോബർ 4 നുമുമ്പ് ഇമെയിൽ മുഖാന്തിരം എൻഎസ്എസ് സെല്ലിൽ ലഭ്യമാക്കേണ്ടതാണ്. പരിപാടികൾ പൂർണമായും കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് നടത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഒപ്പ്

ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ